**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3172** **01-03-2023 - ൽ മറുപടിയ്ക്ക്**

**അന്തർദേശീയതലത്തിലെ ടൂറിസം പ്രചാരണ പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം മേഖലയുടെ അന്തർദേശീയ തലത്തിലെ പ്രചാരണത്തിനായി സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ; | (എ) | ആഗോള ടൂറിസം രംഗത്ത് കേരളം ഒരു ബ്രാൻഡ് ആയി ശ്രദ്ധിക്കപ്പെടാനും കേരള ടൂറിസത്തിന്റെ പ്രാധാന്യം വിദേശ സഞ്ചാരികളെ അറിയിക്കുന്നതിനും അതുവഴി കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുമായി ലണ്ടൻ, സ്പെയിൻ, ഇറ്റലി, യു.എസ്.എ., ഫ്രാൻസ്, റഷ്യ, മിഡിൽ ഈസ്റ്റ് തുടങ്ങിയ അന്താരാഷ്ട്ര വേദികളിൽ സംഘടിപ്പിക്കുന്ന ട്രാവൽ മാർട്ടുകളിൽ കേരള ടൂറിസം പങ്കെടുക്കാറുണ്ട്. WTM ലണ്ടൻ, FITUR മാഡ്രിഡ്, BIT മിലാൻ തുടങ്ങിയ അന്താരാഷ്ട്ര മേളകളിൽ ഈ വർഷം കേരള ടൂറിസം പങ്കെടുത്തിട്ടുണ്ട്. കൂടാതെ ഇനി നടക്കാനിരിക്കുന്ന ITB ബെർലിൻ, MITT മോസ്കോ തുടങ്ങിയ മേളകളിൽ പങ്കെടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതു കൂടാതെ കൂടുതൽ വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി കേരള ടൂറിസത്തിലെ സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ട് ലണ്ടൻ, ഡബ്ളിൻ, ന്യൂയോർക്ക്, ലോസ് ഏഞ്ചൽസ്, സാൻഫ്രാൻസിസ്കോ, മ്യൂനിച്ച്, ഫ്രാങ്ക്ഫർട്ട് തുടങ്ങിയ നഗരങ്ങളിൽ ബി 2ബി മീറ്റുകളും സംഘടിപ്പിച്ചിട്ടുണ്ട്.<br><br>വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുവേണ്ടി ആസൂത്രിതമായ മാർക്കറ്റിംഗ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. സംസ്ഥാന ടൂറിസത്തിന്റെ പ്രത്യേകതകളായ പുലികളി, കാരവൻ ഷോർട്ട് ഫിലിം, കഥകളി, ബെയ്പൂർ വാട്ടർഫെസ്റ്റ്, കേരള ഫെസ്റ്റിവൽ തുടങ്ങിയ വീഡിയോകൾ സോഷ്യൽ മീഡിയ ക്യാമ്പയിനുകളിൽ ഉൾപ്പെടുത്തി ദേശീയ തലത്തിൽ പ്രചരിപ്പിച്ചുകൊണ്ട് സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് വേണ്ട നപടികൾ പുരോഗമിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | കൂടുതൽ വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ടൂറിസം മേഖലയിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ; | (ബി) | വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി സംസ്ഥാനത്തെ തെരെഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളെ എക്സ്പീരിയൻഷ്യൽ വിനോദ സഞ്ചാര കേന്ദ്രങ്ങളായി മാറ്റുന്നതിനും അത്തരം കേന്ദ്രങ്ങളെ ലോകോത്തര ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലെറ്റ് ബ്ലോക്കുകളുടെ നിർമ്മാണം നടപ്പിലാക്കിയിട്ടുണ്ട്. വിനോദ സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിന്റെ ഭാഗമായി കാരവൻ ടൂറിസം നടപ്പിലാക്കുകയും. കേരളത്തിലെ ആദ്യത്തെ കാരവൻ പാർക്ക് വാഗമണ്ണിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം കനകക്കുന്ന് കൊട്ടാര വളപ്പിൽ രാത്രികാല ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനും ലാന്റ് സ്കേപ്പിംഗ് പ്രവൃത്തികൾ ചെയ്യുന്നതിനുമായി 2.63 കോടി രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ ട്രാവാൻകൂർ ഹെറിറ്റേജ് പ്രോജക്റ്റ് എന്ന പദ്ധതിയുടെ ആദ്യഘട്ടമായി നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുവാൻ ഉതകുംവിധം 30 കെട്ടിടങ്ങളുടെ ഇല്യൂമിനേഷൻ പ്രവർത്തികൾ നടപ്പിലാക്കി വരുന്നു.<br><br>വിദേശ – ആഭ്യന്തര സഞ്ചാരികൾ വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുന്ന വേളയിൽ തങ്ങളുടെ തൊഴിൽ ചുമതലകൾ ഓൺലൈനായി നിർവ്വഹിക്കാൻ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സജ്ജമാക്കുന്ന 'വർക്ക് ഫ്രം ഹോളിഡേ ഹോം' എന്ന പദ്ധതി പരിഗണനയിലും ലോംഗ് സ്റ്റേയ്സ് ഇൻ കേരള എന്ന ക്യാമ്പയിനും നടപ്പാക്കിയിട്ടുമുണ്ട്. കേരളത്തെ ഒരു വെഡ്ഡിംഗ് ഡെസ്റ്റിനേഷനായി മാർക്കറ്റ് ചെയ്യുന്നതിനുള്ള പ്രചരണ പ്രവർത്തനങ്ങൾക്കും രൂപം നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയിൽ വിദേശ ടൂറിസ്റ്റുകളുടെ സാന്നിദ്ധ്യം വർദ്ധിച്ചുവരുന്നതായി വിലയിരുത്തിയിട്ടുണ്ടോ; | (സി) | അന്താരാഷ്ട്ര തലത്തിലും ദേശീയ തലത്തിലും വിനോദസഞ്ചാരവകുപ്പ് നടത്തിവരുന്ന വിപണന തന്ത്രങ്ങളിലൂടെയും ക്യാമ്പയിനുകളിലൂടെയും കേരള ടൂറിസത്തിന്റെ ബ്രാൻഡ് വാല്യൂ ഉയർത്തുന്നതിനും ട്രേഡ് മീറ്റുകളിലെയും ട്രേഡ് ഫെയറുകളിലെയും നിരന്തര സാന്നിദ്ധ്യത്തിലൂടെ കൂടുതൽ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുവാനും കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2022 കലണ്ടർ വർഷം 3,45,549 വിദേശ വിനോദ സഞ്ചാരികൾ കേരളം സന്ദർശിച്ചിട്ടുണ്ട്. 2021 ൽ കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികൾ 60,487 ആണ്. 2021 കലണ്ടർ വർഷത്തെ അപേക്ഷിച്ച് വിദേശ വിനോദ സഞ്ചാരികളിൽ 471.28% വർദ്ധനവ് വന്നിട്ടുണ്ട്. കോവിഡ് മാന്ദ്യത്തിനു ശേഷം സംസ്ഥാനത്ത് എത്തുന്ന വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ക്രമാനുഗതമായി വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ഡി) | ഏതൊക്കെ വിദേശ രാജ്യങ്ങളിൽ നിന്നുള്ള ടൂറിസ്റ്റുകളാണ് സംസ്ഥാനത്ത് കൂടുതലായി എത്തുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ഡി) | 2022 കലണ്ടർ വർഷത്തിലെ സ്ഥിതി വിവരകണക്കുകൾ അനുസരിച്ച് യു.എസ്സ്.എ (44851), മാലിദ്വീപ് (38152), ഒമാൻ( 29514), റഷ്യ (27892) യു.കെ. (26495), യു.എ.ഇ. (16653), ഫ്രാൻസ് (13992), ജർമ്മനി (12762), സൗദി അറേബ്യ (9760), ഓസ്ട്രേലിയ (9393) എന്നീ രാജ്യങ്ങളിൽ നിന്നാണ് ഏറ്റവും കൂടുതൽ വിദേശ വിനോദ സഞ്ചാരികൾ എത്തിയിട്ടുള്ളത്. 2022 ൽ സംസ്ഥാനത്ത് എത്തിയ വിദേശ വിനോദ സഞ്ചാരികളുടെ 66.4 ശതമാനവും ഈ രാജ്യങ്ങളിൽ നിന്നുള്ളവരായിരുന്നു. |
| (ഇ) | വിദേശ വിനോദസഞ്ചാരികൾ വരുന്നത് കുറവയായിക്കണുന്ന രാജ്യങ്ങളിൽ നിന്നും കൂടുതൽ ടൂറിസ്റ്റുകളെ ഇവിടേക്ക് ആകർഷിക്കുന്നതിന് ഏതൊക്കെ രീതിയിലുള്ള മാറ്റങ്ങളാണ് ഈ മേഖലയിൽ വരുത്തേണ്ടതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | വിദേശ വിനോദസഞ്ചാരികൾ വരുന്നത് കുറവായി കാണുന്ന രാജ്യങ്ങളിൽ നിന്നും കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്ന വിധം നൂതനമായ പദ്ധതികൾ ആവിഷ്കരിച്ചും സോഷ്യൽ മീഡിയയെ പ്രയോജനപ്പെടുത്തിക്കൊണ്ട് സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് വേണ്ട പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു. ഇത്തരം കേന്ദ്രങ്ങളിലെ പ്രചരണം കൂടി ലക്ഷ്യമിട്ട് സമഗ്രമായ മാർക്കറ്റിംഗ് സ്ട്രാറ്റജി തയ്യാറാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ